**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 498** | **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ ഒ . ആർ. കേളു** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ക്ഷേമത്തിനും പൊതു ഉന്നമനത്തിനുമായി ഈ സർക്കാർ നടപ്പാക്കിവരുന്ന പ്രധാന പരിപാടികളും പദ്ധതികളും എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പരിപാടികളും പദ്ധതികളും ചുവടെ പറയുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. I .വിദ്യാഭ്യാസം 1. സാമൂഹ്യപഠനമുറി 2. ഗോത്രബന്ധു 3. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ 4. പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ 5. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി. 6. ലാപ്ടോപ്പ് വിതരണം 7. വിദേശപഠനത്തിനുള്ള ധനസഹായം II തൊഴിലും നൈപുണ്യ പരിശീലനവും IIIആരോഗ്യ സംരക്ഷണ പദ്ധതികൾ 1.സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി 2. അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം 3. ഓ.പി ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും 4. ആംബുലൻസ് സേവനം 5. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ IVപോഷകാഹാര ലഭ്യത ഉറപ്പ് വരുത്തൽ 1. മില്ലറ്റ് വില്ലേജ് 2. പട്ടിക വർഗ്ഗക്കാർക്കായുള്ള വരുമാന ദായക കാർഷിക ഉദ്യമം . Vകിഫ്ബി മുഖേനയുള്ള പദ്ധതികൾ VI .പി.കെ.കാളൻ കുടുംബ പദ്ധതി VII. ഗോത്രവാത്സല്യനിധി VIII അംബേദ്കർ സെറ്റിൽമെൻറ് ഡെവലപ്മെൻറ് സ്കീം എ)അടിസ്ഥാനസൗകര്യങ്ങൾ ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി |
| (ബി) | അർഹരായ എല്ലാവർക്കും വികസനക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് എസ്. ടി. പ്രൊമോട്ടർമാരുടെ പ്രവർത്തനം സഹായകമാകുന്നുണ്ടോ; കൂടുതൽ എസ്. ടി. പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | ഉണ്ട് വകുപ്പിൽ കൂടുതൽ എസ്. ടി. പ്രൊമോട്ടർമാരെ നിയമിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരെ വികസന മുഖ്യധാരയിലെത്തിക്കാൻ പ്രത്യേകം പരിപാടിയുണ്ടോ; അറിയിക്കുമോ? | (സി) | പ്രത്യേക ദുർബലവിഭാഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ- സാമൂഹിക വികസനം മുതൽ അവരുടെ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ളവ ലക്ഷ്യം വയ്ക്കുന്നു. വിദ്യാർത്ഥികളുടെ പഠന സൗകര്യത്തിനായി പ്രത്യേക മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രത്യേക ദുർബല വിഭാഗക്കാർക്കായി വയനാട് പ്രവർത്തിച്ചു വരുന്നു. എല്ലാമോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവേശനത്തിനും ഇവർക്ക് പ്രഥമ പരിഗണന നൽകി വരുന്നു. പ്രത്യേക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം പ്രത്യേകമായി നടപ്പിലാക്കി. ഭവന രഹിതരായ എല്ലാ ദുർബലവിഭാഗക്കാർക്കായി ഭവനങ്ങൾ നിർമ്മിച്ചു നൽകി വരുന്നു. വനാവാകാശ നിയമപ്രകാരം ഭൂമി ലഭിക്കാൻ അർഹതയുള്ളവർക്ക് ഭൂമിയിൽമേലുള്ള അവകാശം നൽകി വരുന്നു. ആരോഗ്യ സംരക്ഷണത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. കാർഷിക അടിസ്ഥാനത്തിലുള്ള പദ്ധതികൾക്കും ഇവർക്ക് പ്രധാന്യം നൽകി വരുന്നു. നൈപുണ്യ പരിശീലനത്തിനും മറ്റ് തൊഴിൽ അവസരങ്ങൾ നൽകുന്നതിനും പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. ഈ മേഖലകളിൽ പഠനമുറികൾ ആരംഭിക്കുന്നതിനായി പ്രത്യേക കേന്ദ്രസഹായം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## I. വിദ്യാഭ്യാസം

### 1. സാമൂഹ്യപഠനമുറി

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് ഇൻറർനെറ്റ് സൗകര്യം ഉൾപ്പെടെയുള്ള പഠനസൗകര്യവും ലഭ്യമാക്കുന്ന പദ്ധതിയാണിത്.

### 2. ഗോത്രബന്ധു

വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിച്ച് കൊഴിഞ്ഞ് പോക്ക് തടയുക എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരെ മെൻറർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതി.

### 3. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം

വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന 20 എം.ആർ.എസുകളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.

### 4. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 119 പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പദ്ധതി.

5. **സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരിക്ഷ പരിശീലന പദ്ധതി.** - അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി.

### 6. ലാപ്ടോപ്പ് വിതരണം-

പ്രൊഫഷണൽ കോഴ്സിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് സൗജന്യമായി നൽകുന്ന പദ്ധതി

### 7. വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി

## II. തൊഴിലും നൈപുണ്യ പരിശീലനവും

2016 മുതൽ 2020-2021 വർഷം വരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 17 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 48 കോഴ്സകളിലായി 5808 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കിയതിൽ വിദേശത്ത് തൊഴിൽ ലഭിച്ച 22 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ പരിശീലനം പൂർത്തിയാക്കിയ 2990 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. വിദേശത്ത് ജോലി ലഭിച്ച 22 പേർക്ക് പ്രധാനമായും ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ Oil & rig എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം നൽകി UAE ൽ ജോലി ലഭിക്കുകയും ഇവർക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിന് യാത്ര ചെലവ് , മെഡിക്കൽ ഫീസ് മറ്റനുബന്ധ ചെലവ് സർക്കാർ വഹിച്ച് കൊണ്ടാണ് ജോലി ലഭ്യമാക്കിയിട്ടുള്ളത്.

ഇതിൽ 2020-2021 വർഷങ്ങളിൽ ഭരണാനുമതി ലഭ്യമാക്കിയ 6 കോഴ്സുകളായ കെട്ടിട നിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, എയർപോർട്ട് & എയർലൈൻ കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ തുടങ്ങിയ ആധുനിക ലോകത്ത് തൊഴിൽ സാധ്യതയുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

2021-22 വർഷത്തേയ്ക്ക് 84 ആധുനിക രീതിയിലുള്ള നൈപുണ്യ പരിശീലനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നു.

## III ആരോഗ്യ സംരക്ഷണ പദ്ധതികൾ - സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10000/- രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള ) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. ചികിത്സാ ചെലവ് 50000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിക്കുന്നു. രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും ആർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ്/വാഹനവാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ച് നൽകുന്നു.

- **അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം-**

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടു വരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ

അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. സ.ഉ.(സാധാ) നമ്പർ 949/17/പജ.പവ.വിവ. തീയതി, 30-3-17 പ്രകാരം ടി തുക പ്രതിമാസം 2500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

- **ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു.

ഇടുക്കി ജില്ലയിൽ വെള്ളക്കയം, കോവിൽക്കടവ് എന്നീ സ്ഥലങ്ങളിൽ ഓരോ ഒ.പി. ക്ലിനിക്കുകളും, തൃശ്ശൂർ ജില്ലയിൽ മലക്കപ്പാറയിൽ ഒരു ഒ.പി. ക്ലിനിക്കും അട്ടപ്പാടിയിൽ ഇലച്ചിവഴി, പാടവയൽ എന്നീ ഇടങ്ങളിൽ ഓരോ ഒ.പി. ക്ലിനിക്ക് വീതവും പ്രവർത്തിക്കുന്നു.

- പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 4 ANM സെന്ററുകൾ പ്രവർത്തിക്കുന്നു. (Auxilary Nurse & Mid-wifery Centre)

- **ആംബുലൻസ് സേവനം**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ ഐ.റ്റി.ഡി.പി. വയനാട്, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് മാനന്തവാടി, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് സുൽത്താൻബത്തേരി എന്നീ ഓഫീസുകളുടെ നിയന്ത്രണത്തിൽ 6 ആംബുലൻസുകൾ (ഓരോയിടത്തും 2 വീതം) പട്ടികവർഗ്ഗക്കാർക്കായ രോഗികളെ കോളനികളിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഉൾപ്പെടെ വിവിധ ആശുപത്രികളിലേക്കും ചികിത്സ കഴിഞ്ഞവരെ തിരികെ കോളനികളിൽ എത്തിക്കുന്നതിനും ഉപയോഗിക്കുന്നുണ്ട്.

- **മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ**

ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു.

IV **പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തൽ**

ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ, മില്ലെറ്റ് വില്ലേജ്, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു.

➢ മില്ലെറ്റ് വില്ലേജ്

മില്ലെറ്റ് വില്ലേജ് പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്ന പദ്ധതി

➢ പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക വരുമാനദായക പദ്ധതി നടപ്പിലാക്കി വരുന്നു.

V <u>കിഫ്ബി</u>

മുഖേന 11 നിർമ്മാണ പ്രവൃത്തികൾക്ക് 82.928 കോടി രൂപ ചെലവഴിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

<u>VI പി.കെ.കാളൻ കുടുംബ പദ്ധതി</u>

പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾക്ക് 1.54 കോടി രൂപയും ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്ക് പദ്ധതി രൂപീകരണത്തിനായി 5.06 കോടി രൂപയും ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

VII <u>ഗോത്രവാത്സല്യനിധി</u>

പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ എന്നിവ ഉറപ്പു വരുത്തുന്നതിനായി ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതി.

VIII <u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>

എ) <u>അടിസ്ഥാനസൗകര്യങ്ങൾ</u>

വിവിധ ജില്ലകളിലായി തെരഞ്ഞെടുത്ത 94 കോളനികളുടെ അടിസ്ഥാന നവീകരണ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടിലഭ്യമാക്കുന്ന പദ്ധതി

സെക്ഷൻ ഓഫീസർ